**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 138** **19-01-2021 - ൽ മറുപടിയ്ക്ക്**

**ദേശീയ വിദ്യാഭ്യാസ നയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി .ടി .എ . റഹീം ,<br>ശ്രീ എ. എൻ. ഷംസീർ,<br>ശ്രീ. സി.കെ. ഹരീന്ദ്രൻ ,<br>ശ്രീ. കെ.യു. ജനീഷ് കുമാർ | | **Dr.K.T.Jaleel**<br>(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| (എ) | കേന്ദ്രസർക്കാരിന്റെ പുതിയ വിദ്യാഭ്യാസനയം ഉന്നതവിദ്യാഭ്യാസരംഗത്ത് സൃഷ്ടിക്കാനിടയുള്ള പ്രത്യാഘാതത്തെക്കുറിച്ച്, സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ രംഗത്ത് ആർജ്ജിക്കാൻ കഴിഞ്ഞിട്ടുള്ള മികവിന്റെ പശ്ചാത്തലത്തിൽ, ഉന്നത വിദ്യാഭ്യാസ കൗൺസിൽ വിലയിരുത്തിയതിലെ പ്രധാന നിഗമനങ്ങൾ എന്തൊക്കെയാണ്; | (എ) | ദേശീയ വിദ്യാഭ്യാസ നയം 2020 പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ പ്രൊഫ.പ്രഭാത് പട്നായിക്കിന്റെ നേതൃത്വത്തിൽ ആറംഗ സമിതി രൂപവൽക്കരിച്ചു. സമിതി ശുപാർശകൾ സമർപ്പിച്ചു. * രാജ്യത്തെ വിദ്യാഭ്യാസ മേഖല നിലവിലുള്ള മാതൃകയിൽ നിന്നും കാതലായ മാറ്റങ്ങൾ വരുത്തുന്നതാണ് ദേശീയ വിദ്യാഭ്യാസ നയം 2020. വിദ്യാഭ്യാസം രാജ്യത്തിൽ നിലനിൽക്കുന്ന ഫെഡറൽ, ജനാധിപത്യ വ്യവസ്ഥയ്ക്ക് ഉതകുന്ന രീതിയിൽ രൂപപ്പെടുത്തിയ ഒരു നയമല്ല ഇത് എന്നാണ് സംസ്ഥാനം വിലയിരുത്തുന്നത്. * “Inclusiveness” അഥവാ “ഉൾക്കൊള്ളൽ” സമീപനം ഈ നയരേഖയിൽ പരാമർശിക് കപ്പെടുന്നില്ല. വിദ്യാഭ്യാസം രാഷ്ട്ര നിർമ്മാണ പ്രക്രിയയ്ക്ക് സഹായകരമാകണമെങ്കിൽ ദളിതർക്കും പിന്നോക്ക വിഭാഗക്കാർക്കും മറ്റു പാർശ്വവൽക്കരിക്കപ്പെട്ടവർക്കും അർഹമായ സംവരണ (reservation)ത്തെ പ്പറ്റി നയരേഖയിൽ പരാമർശിക്കപ്പെടണം. * വിദ്യാഭ്യാസ മേഖലയുടെ സ്വകാര്യ വൽക്കരണത്തെ പ്രോൽസാഹിപ്പിക്കുന്ന ഒന്നാണ് ദേശീയ വിദ്യാഭ്യാസ നയം 2020, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്കോളർഷിപ്പ് ലഭ്യമാക്കുമെന്ന് പരാമർശിക്കുന്നുണ്ടെങ്കിലും, ഇതിനുള്ള ഫണ്ട് സംസ്ഥാനങ്ങൾക്ക് കേന്ദ്ര സർക്കാർ നൽകുമെന്നുള്ള ഉറപ്പ് നൽകുന്നില്ല. * വിദ്യാർത്ഥികളുടെ കൊഴിഞ്ഞു പോക്ക് പരിഹരിക്കുന്നതിന് വിദൂര വിദ്യാഭ്യാസ സമ്പ്രദായ (Open Distance Learning)ത്തെയും തൊഴിലധിഷ്ഠിത (Vocational Education) വിദ്യാഭ്യാസത്തെയും NEP 2020 ഉയർത്തിക്കാണി |

| | | | |
|---|---|---|---|
| | | | ക്കുന്നു. സംസ്ഥാനത്ത് 3, 5, 8, ക്ലാസ്സുകളിൽ നടത്തപ്പെടുന്ന പരീക്ഷകളിൽ വിജയിക്കാനാ കാതെ കൊഴിഞ്ഞു പോകേണ്ടി വരുന്ന വിദ്യാർത്ഥികളെ മേൽപ്പറഞ്ഞ ധാരകളിലേക്ക് ഉൾക്കൊള്ളിക്കുമെന്നാണ് NEP അവകാശ പ്പെടുന്നത്. കേരളത്തിൽ ഇത്തരത്തിലുള്ള കൊഴിഞ്ഞുപോക്ക് ഇല്ല. എങ്കിലും തൊഴിലധിഷ്ഠിത വിദ്യാഭ്യാസം സമഗ്ര വിദ്യാഭ്യാസത്തിന്റെ ഭാഗമായി, ഉയർന്ന ഉദ്യോഗാർത്ഥികളെ വളർത്തിയെടുക്കുന്നതിനായി ആരംഭിച്ചു കഴിഞ്ഞു. ശ്രീനാരായണ ഓപ്പൺ യൂണിവേഴ്സിറ്റിയും അസാപ്പ് മുതലായ തൊഴിലധിഷ്ഠിത കോഴ്സുകൾ നൽകുന്ന ഏജൻസികൾക്കും കേന്ദ്രം സഹായം നൽകേണ്ടതാണ്. * NEP അദ്ധ്യാപകർക്ക് tenure track രീതി നിർദ്ദേശിക്കുന്നു.ഇത് പരമ്പരാഗതമായി പിൻതുടരുന്ന രീതിക്ക് വിപരീതമാണ്. ആയതിനാൽ ഇത് നടപ്പിലാക്കുന്നതിന് മുൻപ് അദ്ധ്യാപകരുമായും സർവ്വകലാശാല നിലയിലും ചർച്ചകൾ ആവശ്യമാണ്. |
| (ബി) | യുക്തിചിന്തയും ശാസ്ത്രീയവീക്ഷണവും പ്രോത്സാഹിപ്പിക്കുന്നതിനും വൈജ്ഞാനികരംഗത്ത് കരുത്താർജ്ജിക്കുന്നതിനും വേണ്ട കാഴ്ചപ്പാടിനു പകരം വ്യവസായികൾക്ക് വേണ്ട തൊഴിൽശക്തിയെ രൂപപ്പെടുത്തിയെടുക്കുന്നതിനാണ് പ്രസ്തുത നയം പ്രാമുഖ്യം നൽകുന്നതെന്ന ആശങ്ക പരിശോധിക്കപ്പെട്ടിട്ടുണ്ടോ; | (ബി) | ദേശീയ വിദ്യാഭ്യാസ നയം 2020 പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ പ്രൊഫ.പ്രഭാത് പട്നായിക്കിന്റെ നേതൃത്വത്തിൽ ആറംഗ സമിതി രൂപവൽക്കരിച്ചു. സമിതി ശുപാർശകൾ സമർപ്പിച്ചു. * രാജ്യത്തെ വിദ്യാഭ്യാസ മേഖല നിലവിലുള്ള മാതൃകയിൽ നിന്നും കാതലായ മാറ്റങ്ങൾ വരുത്തുന്നതാണ് ദേശീയ വിദ്യാഭ്യാസ നയം 2020. വിദ്യാഭ്യാസം രാജ്യത്തിൽ നിലനിൽക്കുന്ന ഫെഡറൽ, ജനാധിപത്യ വ്യവസ്ഥയ്ക്ക് ഉതകുന്ന രീതിയിൽ രൂപപ്പെടുത്തിയ ഒരു നയമല്ല ഇത് എന്നാണ് സംസ്ഥാനം വിലയിരുത്തുന്നത്. * "Inclusiveness" അഥവാ "ഉൾക്കൊള്ളൽ" സമീപനം ഈ നയരേഖയിൽ പരാമർശിക് കപ്പെടുന്നില്ല. വിദ്യാഭ്യാസം രാഷ്ട്ര നിർമ്മാണ പ്രക്രിയയ്ക്ക് സഹായകരമാകണമെങ്കിൽ ദളിതർക്കും പിന്നോക്ക വിഭാഗക്കാർക്കും മറ്റു പാർശ്വവൽക്കരിക്കപ്പെട്ടവർക്കും അർഹമായ സംവരണ (reservation)ത്തെ പ്പറ്റി നയരേഖയിൽ പരാമർശിക്കപ്പെടണം. * വിദ്യാഭ്യാസ മേഖലയുടെ സ്വകാര്യ വൽക്കരണത്തെ പ്രോൽസാഹിപ്പിക്കുന്ന ഒന്നാണ് ദേശീയ വിദ്യാഭ്യാസ നയം 2020, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്കോളർഷിപ്പ് ലഭ്യമാക്കുമെന്ന് പരാമർശിക്കുന്നുണ്ടെങ്കിലും, ഇതിനുള്ള ഫണ്ട് സംസ്ഥാനങ്ങൾക്ക് കേന്ദ്ര സർക്കാർ നൽകുമെന്നുള്ള ഉറപ്പ് നൽകുന്നില്ല. * വിദ്യാർത്ഥികളുടെ കൊഴിഞ്ഞു പോക്ക് |

| | | | |
|---|---|---|---|
| | | | പരിഹരിക്കുന്നതിന് വിദൂര വിദ്യാഭ്യാസ സമ്പ്രദായ (Open Distance Learning)ത്തെയും തൊഴിലധിഷ്ഠിത (Vocational Education) വിദ്യാഭ്യാസത്തെയും NEP 2020 ഉയർത്തിക്കാണിക്കുന്നു. സംസ്ഥാനത്ത് 3, 5, 8, ക്ലാസ്സുകളിൽ നടത്തപ്പെടുന്ന പരീക്ഷകളിൽ വിജയിക്കാനാ കാതെ കൊഴിഞ്ഞു പോകേണ്ടി വരുന്ന വിദ്യാർത്ഥികളെ മേൽപ്പറഞ്ഞ ധാരകളിലേക്ക് ഉൾക്കൊള്ളിക്കുമെന്നാണ് NEP അവകാശപ്പെടുന്നത്. കേരളത്തിൽ ഇത്തരത്തിലുള്ള കൊഴിഞ്ഞുപോക്ക് ഇല്ല. എങ്കിലും തൊഴിലധിഷ്ഠിത വിദ്യാഭ്യാസം സമഗ്ര വിദ്യാഭ്യാസത്തിന്റെ ഭാഗമായി, ഉയർന്ന ഉദ്യോഗാർത്ഥികളെ വളർത്തിയെടുക്കുന്നതിനായി ആരംഭിച്ചു കഴിഞ്ഞു. ശ്രീനാരായണ ഓപ്പൺ യൂണിവേഴ്സിറ്റിയ്ക്കും അസാപ്പ് മുതലായ തൊഴിലധിഷ്ഠിത കോഴ്സുകൾ നൽകുന്ന ഏജൻസികൾക്കും കേന്ദ്രം സഹായം നൽകേണ്ടതാണ്. * NEP അദ്ധ്യാപകർക്ക് tenure track രീതി നിർദ്ദേശിക്കുന്നു.ഇത് പരമ്പരാഗതമായി പിൻതുടരുന്ന രീതിക്ക് വിപരീതമാണ്. ആയതിനാൽ ഇത് നടപ്പിലാക്കുന്നതിന് മുൻപ് അദ്ധ്യാപകരുമായും സർവ്വകലാശാല നിലയിലും ചർച്ചകൾ ആവശ്യമാണ്. |
| (സി) | കോളേജുകൾ സ്വയംഭരണ സ്ഥാപനങ്ങളായി മാറണമെന്ന നിർദ്ദേശവും സാമൂഹ്യനീതിയധിഷ്ഠിതമായ സംവരണത്തെക്കുറിച്ച് പരാമർശിക്കാതിരുന്നതും സാധാരണക്കാർക്ക് ഉന്നത വിദ്യാഭ്യാസം അപ്രാപ്യമാകുമെന്ന ആശങ്ക, പ്രത്യേകിച്ച് കേന്ദ്രവിദ്യാഭ്യാസ മന്ത്രാലയം ഐ.ഐ.ടി.കളിൽ സംവരണം വേണ്ടന്ന് ശിപാർശ ചെയ്തതായുള്ള റിപ്പോർട്ടുകളുടെ പശ്ചാത്തലത്തിൽ, പഠന വിധേയമാക്കിയിരുന്നോ; | (സി) | NEP യിൽ reservationനെപ്പറ്റി പരാമർശമില്ല. റിസർവേഷൻ ഇല്ലാതാക്കാനുള്ള ശ്രമങ്ങളെ എതിർക്കേണ്ടതാണ്. പിന്നോക്ക പ്രദേശങ്ങളിലും വിദൂര ജില്ലകളിലും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് പ്രത്യേക പരിഗണന ഉണ്ടാകണമെന്ന നിർദ്ദേശം രേഖയിലുണ്ട്. എന്നാൽ അസന്തുലിതമായ പ്രാദേശിക വികസനത്തിന്റെ കാരണം ഭൗതിക അപ്രാപ്യത മാത്രമല്ലെന്നതാണ് വസ്തുത. മതം, ജാതി, വർഗം, ലിംഗം, വൈകല്യം തുടങ്ങിയ നിരവധി ഘടകങ്ങളും പ്രാപ്യതയെ സ്വാധീനിക്കുന്ന നിർണ്ണായക ഘടകങ്ങളാണ്. പ്രാപ്യതയെ മേൽ ഘടകങ്ങൾ കൂടി കണക്കിലെടുത്തുകൊണ്ട് മനസ്സിലാക്കാൻ രേഖ ശ്രമിച്ചിട്ടില്ല. വിദ്യാർത്ഥി പ്രവേശനത്തിനും വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനത്തിനും സംവരണം ഏർപ്പെടുത്തുന്നതിനെക്കുറിച്ചും വൈകല്യമുള്ളവരുടെ പ്രാപ്യത പ്രശ്നത്തെക്കുറിച്ചും രേഖയിൽ പരാമർശമില്ല. കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം ഐ.ഐ.ടി കളിൽ സംവരണം വേണ്ടെന്ന് ശിപാർശ ചെയ്തതായുള്ള റിപ്പോർട്ടുകൾ ലഭ്യമാകാത്തതിനാൽ പഠന വിധേയമാക്കിയിട്ടില്ല. |
| (ഡി) | ഫെഡറൽ തത്വങ്ങൾക്കു വിരുദ്ധമായി | (ഡി) | കരട് വിദ്യാഭ്യാസ നയം പുറപ്പെടുവിച്ച സമയത്ത് |

| | | | |
|---|---|---|---|
| | ഏകപക്ഷീയമായി പ്രഖ്യാപിച്ച ദേശീയ വിദ്യാഭ്യാസനയത്തോടുള്ള വിയോജിപ്പ് കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | | തന്നെ ആയതിലെ വിവിധ നിർദ്ദേശങ്ങളിലുള്ള സംസ്ഥാനത്തിന്റെ വിയോജിപ്പ് കേന്ദ്ര സർക്കാരിനെ അറിയിച്ചിരുന്നു. പ്രഖ്യാപിച്ചിട്ടുള്ള ദേശീയ വിദ്യാഭ്യാസ നയം സംബന്ധിച്ച സംസ്ഥാന സർക്കാരിന്റെ വീക്ഷണങ്ങൾ കേന്ദ്ര സർക്കാരിനെ അറിയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ